# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 488 — 06.02.2013 ൽ മറുപടിയ്ക്ക്

## എം. സി. റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമല വരെ സുരക്ഷാ ക്രമീകരണങ്ങൾ സ്വീകരിക്കുന്നിന് നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ; | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | വാഹനാപകടം വർദ്ധിച്ചിരിക്കുന്ന എം. സി. റോഡിൽ കാരേറ്റ് മുതൽ തട്ടത്തുമല വരെ മോട്ടോർ വാഹന വകുപ്പോ, റോഡ് സേഫ്റ്റി അതോറിറ്റിയോ, കെ. എസ്. ടി. പി. യോ ഹമ്പുകൾ സ്ഥാപിച്ച് വേഗത നിയന്ത്രണത്തിനോ, മറ്റ് സുരക്ഷാ ക്രമീകരണങ്ങൾക്കോ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ലായെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കെ.എസ്.റ്റി.പി യുടെ കീഴിൽ വരുന്ന എം. സി. റോഡിലെ വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി സുരക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നിരുന്നാലും മേല്പറഞ്ഞ റോഡിൽ അപകടങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കഴക്കൂട്ടം - വെഞ്ഞാറമൂട്- കൊട്ടാരക്കര - അടൂർ റോഡിനെ വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള 'സേഫ് കോറിഡോർ' ആയി തെരഞ്ഞെടുത്തിട്ടുണ്ട്. ലോകബാങ്ക് സഹായത്തോടുകൂടി നടപ്പിലാക്കുന്ന കെ.എസ്.റ്റി.പി - 2 പദ്ധതിയിൽ ഇത് പൈലറ്റ് പദ്ധതിയായി നടപ്പിലാക്കാനാണുദ്ദേശിക്കുന്നത്. ഇതിനു വേണ്ടി പോലീസ്, ഗതാഗതം, വിദ്യാഭ്യാസം, ആരോഗ്യം, പൊതുമരാമത്ത് എന്നീ വകുപ്പുകൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു വർക്കിംഗ് ഗ്രൂപ്പിനെ നിയമിച്ചിട്ടുണ്ട്. ഇവരുടെ മേൽനോട്ടത്തിൽ കൂടുതൽ റോഡ് സുരക്ഷാ നടപടികൾ പദ്ധതിയിലുണ്ട്. ഇതോടൊപ്പം ജില്ലാ റോഡ് സുരക്ഷാ കൗൺസിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള റിപ്പോർട്ടും തയ്യാറാക്കിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | കെ.എസ്.ടി.പി റോഡ് നിർമ്മാണം പൂർത്തിയാക്കിയിട്ടും ഇലക്ട്രിക് വിളക്കുകൾ സ്ഥാപിക്കുന്ന പണി പൂർത്തീകരിച്ചിട്ടില്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തിരമായി പ്രസ്തുത ലൈറ്റുകൾ തെളിയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ? | (ബി) | കെ. എസ് .റ്റി. പി. പദ്ധതിയിൽപ്പെടുത്തി തെരുവു വിളക്കുകൾ നിർമ്മിച്ച് അതാത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുണ്ട്. ഇതുവരെ പതിനൊന്ന് പഞ്ചായത്തുകളിലും (പന്തളം, വെട്ടിക്കവല, മാണിക്കൽ, നെല്ലനാട്, കുളക്കട, നിലമേൽ, ചടയമംഗലം, ഇടമലക്കൽ, പുലമൺ, ഉമ്മന്നൂർ, കൊട്ടാരക്കര) അടൂർ മുൻസിപ്പാലിറ്റിയിലും ഉൾപ്പെട്ട എം. സി. റോഡിലെ വൈദ്യുതി വിളക്കുകൾ കത്തിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മറ്റ് പഞ്ചായത്തുകളും മുൻസിപ്പാലിറ്റികളും ആവശ്യപ്പെടുന്ന പ്രകാരം തെരുവ് വിളക്കുകൾ കത്തിക്കുന്നതിന് ആവശ്യമായ തുക കെ.എസ്.റ്റി.പി നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ